സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 176 2026 ഒക്ടോബർ 06 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

### ഇന്ധനവില വർധനവ്; ബഹ്റൈനിൽ സർക്കാർ ജീവനക്കാരുടെ യാത്രാബത്ത കൂട്ടണമെന്ന് എം.പിമാർ

മനാമ: രാജ്യത്ത് ഇന്ധനവില തുടർച്ചയായി ഉയരുന്ന സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ യാത്രാബത്ത വർദ്ധിപ്പിക്കണമെന്നും, ഇത് ഇന്ധനവില വർധനവിന് അനുസൃതമായി കൃത്യമായ ഇടവേളകളിൽ പരിഷ്കരിക്കണമെന്നും ആവശ്യപ്പെട്ട് ബഹ്റൈൻ പാർലമെന്റിൽ അടിയന്തര പ്രമേയം. നിലവിലുള്ള അലവൻസ് തുക ജീവനക്കാരുടെ ദൈനംദിന യാത്രാച്ചെലവിന് തികയുന്നില്ലെന്ന് ജനപ്രതിനിധികൾ ചൂണ്ടിക്കാട്ടി. ഈ മാസത്തെ പെട്രോൾ, ഡീസൽ വില വർധനവിന് തൊട്ടുപിന്നാലെയാണ് എം.പിമാരുടെ ഈ നീക്കം. ഒക്ടോബർ മുതൽ രാജ്യത്ത് ഇന്ധനവിലയിൽ പ്രകടമായ വർധനവാണ് രേഖപ്പെടുത്തിയത്. 91- പെട്രോൾ ലിറ്ററിന് 225 ഫിൽസിൽ നിന്ന് 235 ഫിൽസായും, 95-പെട്രോൾ 247 ഫിൽസിൽ നിന്ന് 277 ഫിൽസായും ഉയർന്നു. സൂപ്പർ 98 നിരക്ക് 380-ൽ നിന്ന് 410 ഫിൽസായി ഉയർന്നപ്പോൾ, ഡീസൽ വില ലിറ്ററിന് 229 ഫിൽസിൽ നിന്ന് 260 ഫിൽസായി (31 ഫിൽസിന്റെ വർധനവ്) മാറി.

## ഡൽഹിയിൽ പ്രതിഷേധത്തിര;

# ഇന്ത്യ സഖ്യത്തിന്റെ മാർച്ച് തടഞ്ഞ് പൊലീസ്; എംപിമാർ കസ്റ്റഡിയിൽ




ന്യൂഡൽഹി: പൊലീസ് വാനിൽ കയറാൻ രാഹുൽ ഗാന്ധി വിസമ്മതിച്ചു. മാർച്ച് തുടരുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ബാരിക്കേഡിന് മുകളിൽ കയറിയും മുന്നിലിരുന്നും പ്രതിപക്ഷ നേതാക്കൾ പ്രതിഷേധിച്ചു. അഭിഷേക് ബാനർജിയും രാഹുലിനൊപ്പം ബാരിക്കേഡിൽ കയറി പ്രതിഷേധിച്ചു

പൊലീസ് വാനിൽ കയറാൻ രാഹുൽ ഗാന്ധി വിസമ്മതിച്ചു. മാർച്ച് തുടരുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ബാരിക്കേഡിന് മുകളിൽ കയറിയും മുന്നിലിരുന്നും പ്രതിപക്ഷ നേതാക്കൾ പ്രതിഷേധിച്ചു. അഭിഷേക് ബാനർജിയും രാഹുലിനൊപ്പം ബാരിക്കേഡിൽ കയറി പ്രതിഷേധിച്ചു. ബാരിക്കേഡ് തള്ളിമാറ്റാൻ യുവ എംപിമാരും ശ്രമിച്ചു. ഇതിനിടെ മഹിളാ കോൺഗ്രസ് പ്രവർത്തകരും സ്ഥലത്തെത്തി പിന്തുണ നൽകി.

പ്രതിഷേധക്കാരെ ബസിൽ കയറ്റി നീക്കാനാണ് പൊലീസ് ശ്രമിച്ചത്. മാധ്യമപ്രവർത്തകരെ സ്ഥലത്തുനിന്ന് മാറ്റാനും പൊലീസ് ശ്രമിച്ചു. പ്രദേശത്ത് വൻ പൊലീസ് സന്നാഹം തുടരുകയാണ്. എസ്ഐആറിലെ ക്രമക്കേടുകളടക്കം ഗ്യാനേഷ് കുമാറിനെതിരെ വിവിധ ആരോപണങ്ങൾ ഉന്നയിച്ചാണ് ഇന്ത്യ സഖ്യം മാർച്ച് നടത്തിയത്.

അതേസമയം, ഇന്ത്യ സഖ്യത്തിൻറെ പ്രതിഷേധത്തിനെതിരെ ബിജെപിയും രംഗത്തെത്തി. തിരഞ്ഞെടുപ്പ് കമ്മിഷൻറെ പേരിൽ അരാജകത്വം സൃഷ്ടിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷത്തിന്റേതെന്ന് ബിജെപി ആരോപിച്ചു. ഭരണഘടനാ സ്ഥാപനങ്ങളെ കോൺഗ്രസ് നിരന്തരം ആക്രമിക്കുകയാണെന്ന് ബിജെപി എംപി സംപിത് പാത്ര പറഞ്ഞു. സർക്കാരിനെ അട്ടിമറിക്കാനുള്ള സ്പോൺസേർഡ് നീക്കമാണിതെന്നും അദ്ദേഹം ആരോപിച്ചു.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിനെതിരെ മുൻ മുഖ്യമന്ത്രി പിണറായി വിജയനും രംഗത്തെത്തി. എൽഡിഎഫ് സർക്കാർ അധികാരത്തിലിരിക്കെ ഗ്യാനേഷ് കുമാറിനെ പൊതുമരാമത്ത് സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കി നടപടി സ്വീകരിച്ചിരുന്നുവെന്ന് പിണറായി വിജയൻ പറഞ്ഞു. പിന്നീട് അധികാരത്തിലെത്തിയ എ.കെ. ആന്റണി മന്ത്രിസഭ അദ്ദേഹത്തെ വീണ്ടും സെക്രട്ടറിയായി നിയമിച്ചെന്നും പിണറായി ആരോപിച്ചു. അതേ ഗ്യാനേഷ് കുമാറാണ് എസ്ഐആറിലൂടെ വൻതോതിൽ വോട്ടർമാരെ വെട്ടിനിരത്തിയതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

### ബൈക്കും സ്കോർപിയോ കാറും കൂട്ടിയിടിച്ച് ബൈക്ക് യാത്രികന് ദാരുണാന്ത്യം



കുന്നംകുളം: കാണിപ്പയ്യൂരിൽ ബൈക്കും സ്കോർപിയോ കാറും കൂട്ടിയിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു. കൂനംമൂച്ചി പയ്യൂർ സ്വദേശി ലെനിനാണ് (42) മരിച്ചത്. ഇന്നലെ രാത്രി 10.30ന് കാണിപ്പയ്യൂർ ഇന്ത്യൻ കോഫി ഹൗസിന് സമീപത്ത് വെച്ചായിരുന്നു അപകടം. അപകടത്തെ തുടർന്ന് പരിക്കേറ്റ ലെനിനെ ഉടൻ തന്നെ കാണിപ്പയ്യൂർ യൂണിറ്റി ആശുപത്രിയിലും പിന്നീട് പരിക്ക് ഗുരുതരമായതിനെ തുടർന്ന് തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിച്ചു. അപകടത്തിൽ ഇരുവാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. കുന്നംകുളം പോലീസ് സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു.

## റിയാസിന്റെ സുഹൃത്തുക്കൾക്ക് നോട്ടീസ്; എക്സാലോജിക് കേസിൽ ചോദ്യംചെയ്യൽ ആരംഭിക്കാൻ എസ്ഐടി



തിരു: സിഎംആർഎൽ-എക്സാലോജിക് കേസിൽ ചോദ്യംചെയ്യൽ ആരംഭിക്കാൻ പ്രത്യേക അന്വേഷണസംഘം (എസ്ഐടി). ഇതിന്റെ ഭാഗമായി പി.എ. മുഹമ്മദ് റിയാസിന്റെ സുഹൃത്തുക്കൾക്ക് എസ്ഐടി നോട്ടീസ് അയച്ചു. ഹസൻ വാരിസ്, നിഖിൽ എന്നിവർക്കാണ് നോട്ടീസ് അയച്ചത്.

പ്രാഥമിക അന്വേഷണമാണ് എസ്ഐടി നിലവിൽ നടത്തുന്നത്. ഇഡി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന അന്വേഷണത്തിൽ ഇതുവരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടില്ല. അഴിമതി നിരോധന നിയമപ്രകാരം അന്വേഷണം നടത്തണമെന്നായിരുന്നു ഇഡിയുടെ കത്തിലെ ആവശ്യം. നേരത്തെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) നടത്തിയ അന്വേഷണത്തിൽ വാരിസിന്റെ മൊഴി രേഖപ്പെടുത്തിയിരുന്നു. മുഹമ്മദ് റിയാസിനെതിരായ പരാമർശം ആ മൊഴിയിലുണ്ടായിരുന്നു. പിന്നീട്, താൻ സമ്മർദ്ദത്തിന് കീഴ്പ്പെട്ടാണ് അത്തരമൊരു മൊഴി നൽകിയതെന്നും അത് തിരുത്തണമെന്നും ആവശ്യപ്പെട്ട് അന്ന് വാരിസ് ഇഡിയ്ക്ക് കത്തുനൽകുകയും ചെയ്തിരുന്നു.

സിഎംആർഎൽ-എക്സാലോജിക് കേസുമായി ബന്ധപ്പെട്ട് ഇഡി നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മകൾ വീണ, വീണയുടെ ഭർത്താവും പൊതുമരാമത്ത് വകുപ്പ് മുൻമന്ത്രിയുമായ പി.എ. മുഹമ്മദ് റിയാസ്, റിയാസിന്റെ സുഹൃത്തുക്കൾ എന്നിവർക്കെതിരേ എസ്ഐടി അന്വേഷണം നടത്തുന്നത്.

കൈക്കൂലി, ഹവാല ആരോപണങ്ങളാണ് ഇവർക്കെതിരേ ഉയർന്നിട്ടുള്ളത്. ഇതിൽ പിണറായിക്കെതിരേ കൈക്കൂലിയാരോപണവും വീണയ്ക്കും റിയാസനും റിയാസിന്റെ സുഹൃത്തുക്കൾക്കുമെതിരേ 25 കോടിയുടെ ഹവാല ഇടപാടുമാണ് ഇഡി ആരോപിച്ചിട്ടുള്ളത്.

## 'ഗാസയ്ക്കായി പ്രതികാരം, രക്തസാക്ഷിയായി മരിക്കാനായിരുന്നു ആഗ്രഹിച്ചത്': സഹ പൈലറ്റിന്റെ മൊഴി പുറത്ത്




ദുബായ്: ഫ്ലൈദുബായ് വിമാനം തകർക്കാൻ ശ്രമിച്ചത് ഗാസയ്ക്ക് വേണ്ടി പ്രതികാരം ചെയ്യാനാണെന്ന് വെളിപ്പെടുത്തി പ്രതിയായ ഒമാനി സഹ പൈലറ്റ് ഹമാം അൽ ഹമ്മാമി. രക്തസാക്ഷിയായി മരിക്കാനായിരുന്നു തന്റെ ആഗ്രഹമെന്ന് ചോദ്യം ചെയ്യലിൽ ഹമ്മാമി പറഞ്ഞതായി ഇസ്രയേൽ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഈ വർഷം ആദ്യം ടെൽ ആവീവിലേയ്ക്കുള്ള ഒരു വിമാനം ഹൈജാക്ക് ചെയ്ത് തകർക്കാൻ ഹമ്മാമി പദ്ധതിയിട്ടിരുന്നതായും എന്നാൽ അവസാന നിമിഷം തീരുമാനം ഉപേക്ഷിച്ചെന്നും യുഎഇ അന്വേഷണ സംഘവുമായി ബന്ധപ്പെട്ട വൃത്തങ്ങൾ വ്യക്തമാക്കി. ഇക്കഴിഞ്ഞ വർഷങ്ങളിൽ ഇയാൾ ഇസ്രയേലിനോട് ശത്രുത പുലർത്തുന്ന നിരവധി രാജ്യങ്ങൾ സന്ദർശിച്ചതായും റിപ്പോർട്ടുകളുണ്ട്.

നേരത്തെ വിമാനം റാഞ്ചി ഇസ്രയേലിലെ ബെൻ ഗുരിയോൻ വിമാനത്താവളത്തിൽ ഇടിച്ചിറക്കാനായിരുന്നു പദ്ധതിയെന്ന് ചോദ്യം ചെയ്യലിൽ ഇയാൾ വ്യക്തമാക്കിയിരുന്നു. ക്യാപ്റ്റൻ സ്മിത് മച്ചാറിനെ ആക്രമിച്ച് കൊന്നശേഷം സംശയത്തിനിട നൽകാതെ വിമാനം ബെൻ ഗുരിയോനിൽ ലാൻഡിംഗിന് ആവശ്യപ്പെടാനും ഇവിടെ ആക്രമിക്കാനുമായിരുന്നു ശ്രമം. അമേരിക്കയിൽ വേൾഡ് ട്രേഡ് സെന്റർ തകർത്ത മാതൃകയിലെ ആക്രമണമാണ് ഇയാൾ ഉദ്ദേശിച്ചിരുന്നത്.

എന്നാൽ സ്മിത് ആക്രമണത്തിനിരയായിട്ടും ശക്തമായി ചെറുത്തുനിന്നതും കോക്ക്പിറ്റിൽ നിന്ന് അപായ സിഗ്നൽ നൽകിയതും ഹമ്മാമിയുടെ പ്രതീക്ഷ തകർത്തു. ഇതോടെ ക്യാബിൻ ക്രൂവും യാത്രക്കാരും സംഭവത്തിൽ ഇടപെടുകയും ഇയാളെ കീഴ്പ്പെടുത്തുകയായിരുന്നു.

അതേസമയം സംഭവത്തിൽ ഹമാം അൽ ഹമ്മാമി ഒറ്റയ്ക്കാണോ അതോ മറ്റാരുടെയെങ്കിലും സഹായമോ നിർദേശമോ ലഭിച്ചിട്ടുണ്ടോയെന്നും യുഎഇ അന്വേഷണസംഘം പരിശോധിച്ചുവരികയാണ്. ഇയാളുടെ മൊബൈൽ ഫോൺ, വിദേശ യാത്രകൾ, ബന്ധങ്ങൾ എന്നിവയും പരിശോധിക്കുന്നുണ്ട്. വിമാനത്തിലെ മറ്റുജീവനക്കാർക്ക് ആക്രമണത്തിൽ പങ്കുണ്ടായിരുന്നുവെന്നതിന് തെളിവൊന്നും ലഭിച്ചിട്ടില്ലെന്ന് അന്വേഷണസംഘത്തെ ഉദ്ധരിച്ച് ഇസ്രയേൽ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

### സുരേഷ് ബാബുവിനെതിരായ ലൈംഗികാതിക്രമ ആരോപണം:

## കമ്മ്യൂണിസ്റ്റ് പാർട്ടികൾ മൂല്യം ഉയർത്തിപ്പിടിക്കാൻ ബാധ്യസ്ഥരെന്ന് ബിനോയ് വിശ്വം



പാലക്കാട്: മുൻ സിപിഎം പാലക്കാട് ജില്ലാ സെക്രട്ടറി ഇ എൻ സുരേഷ് ബാബുവിനെതിരായ ലൈംഗികാതിക്രമ ആരോപണത്തിൽ പ്രതികരിച്ച് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. കമ്മ്യൂണിസ്റ്റ് പാർട്ടികൾ മൂല്യം ഉയർത്തിപ്പിടിക്കാൻ ബാധ്യസ്ഥരാണെന്നും അതിന്റെ ഭാഗമായാണ് സിപിഎം നടപടിയെടുത്തതെന്നും അദ്ദേഹം പ്രതികരിച്ചു.

പാർട്ടിക്ക് അകത്തും പുറത്തുമുള്ള സ്ത്രീകളെ ഏത് രീതിയിൽ കാണണമെന്നത് സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. പാർട്ടിയുടെ മൂല്യങ്ങളെ സംരക്ഷിക്കാൻ ബാധ്യസ്ഥരാണെന്ന് ബോധ്യത്തിലാണ് സിപിഎം പാലക്കാട് ജില്ലാ സെക്രട്ടറി സ്ഥാനത്തുനിന്ന് ഇ എൻ സുരേഷ് ബാബുവിനെ മാറ്റിയ നടപടി സ്വീകരിച്ചതെന്നും ബിനോയ് വിശ്വം കൂട്ടിച്ചേർത്തു.

ലൈംഗികാതിക്രമ ആരോപണത്തിൽ ഇൻ സുരേഷ് ബാബുവിനെതിരെ കൂടുതൽ കടുത്ത നടപടി സ്വീകരിക്കാൻ സിപിഎം ഒരുങ്ങുന്നതായാണ് സൂചന. പ്രാഥമിക അംഗത്വത്തിൽ നിന്ന് പുറത്താക്കുന്നതടക്കം നേതൃത്വത്തിന്റെ പരിഗണനയിലുണ്ടെന്നാണ് വിവരം.

അതേസമയം, ഇഎൻ സുരേഷ് ബാബുവിനെതിരായ കേസെടുക്കണമെന്നാവശ്യപ്പെട്ട് കെപിസിസി സെക്രട്ടറി ജോൺ ഡാനിയേൽ മുഖ്യമന്ത്രി വിഡി സതീശന് പരാതി നൽകി. സത്രീസുരക്ഷ ഉറപ്പാക്കുക എന്നത് യുഡിഎഫ് സർക്കാരിന്റെ പ്രഖ്യാപിത നയമാണെന്നും പീഡന വിവരം അറിഞ്ഞിട്ടും ഒളിച്ചുവച്ച പ്രതിപക്ഷ നേതാവ് പിണറായി വിജയനെയും സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദനെയും കേസിൽ പ്രതി ചേർക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടു.

### ബാങ്ക് ഉദ്യോഗസ്ഥനെന്ന് പറഞ്ഞ് തട്ടിപ്പ്; 95 ലക്ഷം കവർന്ന മുൻ ജീവനക്കാരൻ പിടിയിൽ

ആലിയബാദ് : തെലങ്കാനയിൽ ബാങ്ക് ഉദ്യോഗസ്ഥൻ ചമഞ്ഞ് ഉപഭോക്താക്കളുടെ ക്രെഡിറ്റ് കാർഡ് വിവരങ്ങളും ഒ ടി പിയും കൈക്കലാക്കി 95 ലക്ഷത്തിലധികം രൂപ തട്ടിയെടുത്ത മുൻ ബാങ്ക് ജീവനക്കാരൻ പൊലീസ് പിടിയിലായി. മഹാരാഷ്ട്ര അകോല സ്വദേശിയായ ചൈതന്യ പ്രമോദ് കുട്ടെ (25) എന്നയാളെയാണ് തെലങ്കാനയിലെ ആദിലാബാദ് ജില്ലാ പൊലീസിന്റെ പ്രത്യേക സംഘം മഹാരാഷ്ട്രയിൽ നിന്ന് അറസ്റ്റ് ചെയ്തത്. മുമ്പ് ആക്സിസ് ബാങ്കിൽ ജോലി ചെയ്തിരുന്ന ഇയാൾ ബാങ്കിങ് ഇടപാടുകളിലുള്ള പരിചയം വെച്ചാണ് തട്ടിപ്പ് ആസൂത്രണം ചെയ്തത്.വിവിധ ബാങ്കുകളിലെ ഉപഭോക്താക്കളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച ശേഷം വ്യത്യസ്ത സിം കാർഡുകൾ ഉപയോഗിച്ചായിരുന്നു പ്രതി ഫോൺകോളുകൾ ചെയ്തത്.

ബാങ്ക് അധികൃതരാണെന്ന് വിശ്വസിപ്പിച്ച് ക്രെഡിറ്റ് കാർഡുകൾ ആക്ടിവേറ്റ് ചെയ്യാനോ വെരിഫിക്കേഷൻ പൂർത്തിയാക്കാനോ എന്ന വ്യാജേന ഉപഭോക്താക്കളിൽ നിന്ന് രഹസ്യ വിവരങ്ങളും ഒ ടി പിയും സ്വന്തമാക്കും. തുടർന്ന് യു പി ഐ, ആമസോൺ അക്കൗണ്ടുകൾ വഴി പണം മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതാണ് ഇയാളുടെ രീതി.

### പുതിയ ഇന്ത്യൻ അംബാസഡർ ഡോ. പ്രദീപ്സിങ് രാജ്പുരോഹിത് ഉടൻ ചുമതലയേൽക്കും



മനാമ: ബഹ്റൈനിലെ പുതിയ ഇന്ത്യൻ അംബാസഡറായി നിയമിതനായ ഡോ. പ്രദീപ് ഡോ. പ്രദീപ്സിങ് രാജ്പുരോഹിത് രാജ്പുരോഹിത് ചുമതലയേൽക്കുന്നതിന് മുന്നോടിയായുള്ള ഔദ്യോഗിക നടപടിക്രമങ്ങൾ പൂർത്തിയാക്കി.

ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് അദ്ദേഹം ഔദ്യോഗിക അധികാരപത്രം (ലെറ്റർ ഓഫ് ക്രെഡൻസ്) ഏറ്റുവാങ്ങിയതായി മനാമയിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഉടൻ തന്നെ മനാമയിലെത്തി ഔദ്യോഗികമായി ചുമതലയേൽക്കും.

വിനോദ് കെ. ജേക്കബിന് പകരക്കാരനായാണ് പ്രദീപ്സിങ് രാജ്പുരോഹിതനെ നിയമിച്ചത്. 2004-ൽ ഇന്ത്യൻ ഫോറിൻ സർവീസിൽ ചേർന്ന കരിയർ ഡിപ്ലോമാറ്റാണ് അദ്ദേഹം. 2023 മുതൽ ട്രിനിഡാഡ് ആൻഡ് ടൊബാഗോ റിപ്പബ്ലിക്കിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായി തുടരുകയായിരുന്നു. ഗ്രെനഡ, കോമൺവെൽത്ത് ഓഫ് ഡൊമിനിക്ക എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായും അദ്ദേഹം അധിക ചുമതല വഹിച്ചിരുന്നു.

ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിൽ മിഡിൽ ഈസ്റ്റ് മേഖലയുടെ (വെസ്റ്റ് ഏഷ്യ ആൻഡ് നോർത്ത് ആഫ്രിക്ക) ഡയറക്ടർ ജനറലായി (ജോയിന്റ് സെക്രട്ടറി) സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇറാഖ് റിപ്പബ്ലിക്കിലെ ഇന്ത്യൻ അംബാസഡറായും (2017 2019), സൗദി അറേബ്യയിലെ ഡെപ്യൂട്ടി അംബാസഡറായും (2019 2020) പ്രവർത്തിച്ചിട്ടുണ്ട്.

ജർമ്മനിയിലെ ബെർലിനിലുള്ള ഇന്ത്യൻ എംബസിയിൽ പൊളിറ്റിക്കൽ സെക്ഷന്റെ തലവനായിരുന്നു (2014 2017). യു.എ.ഇ ഇന്ത്യൻ എംബസിയിൽ സെക്കൻഡ് സെക്രട്ടറിയായും (2008 2011), ഈജിപ്തിലെ കെയ്റോയിലുള്ള ഇന്ത്യൻ എംബസിയിൽ തേർഡ് സെക്രട്ടറിയായും (2006 2008) അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കെയ്റോയിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്ന് അറബി ഭാഷയിൽ ഡിപ്ലോമയും നേടിയിട്ടുണ്ട്. ജോധ്പൂർ എസ്.എൻ. മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് ബിരുദം നേടിയ ഡോ. രാജ്പുരോഹിത്, ഇന്ത്യൻ ഫോറിൻ സർവീസിൽ ചേരുന്നതിന് മുൻപ് ആരോഗ്യ മേഖലയിൽ കുറച്ചുകാലം ജോലി ചെയ്തിരുന്നു. മഞ്ജു രാജ്പുരോഹിത്താണ് ഭാര്യ. ഇവർക്ക് രണ്ട് പെൺമക്കളും ഒരു മകനുമാണുള്ളത്. ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യവുള്ള അദ്ദേഹത്തിന് അറബിയിലും ആശയവിനിമയം നടത്താനുള്ള അറിവുണ്ട്.

## കേരളത്തിൽ എയിംസ് വരണം; യോഗ്യമായ സ്ഥലം തൃശൂർ, വിഷയം വിശദീകരിച്ച് മടുത്തുവെന്ന് കേന്ദ്രസഹ മന്ത്രി സുരേഷ്ഗോപി

കൊച്ചി: എയിംസ് കേരളത്തിൽ വരണം എന്നാണ് തൻറെ ആഗ്രഹമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. യോഗ്യമായ സ്ഥലം തൃശൂർ ആണ്. താൻ ബി.ജെ.പി എം.പി ആയതിനാൽ എയിംസ് തൃശൂരിൽ വരേണ്ടെന്ന് സംസ്ഥാനം തീരുമാനിച്ചാൽ അവിടെ തന്നെ വരുമെന്നും സുരേഷ് ഗോപി പറഞ്ഞു. സാമ്പത്തികമായി നോക്കുകയാണെങ്കിൽ എയിംസ് വരേണ്ടത് ആലപ്പുഴയിലാണ്. എന്നാൽ, തൃശൂരിൽ എയിംസിന് വേണ്ട ശാന്തമായ അന്തരീക്ഷം ഉണ്ടെന്ന് സുരേഷ് ഗോപി പറഞ്ഞു.

ആരോഗ്യ മന്ത്രി കെ. മുരളീധരൻ ധൈര്യം ഉണ്ടെങ്കിൽ തന്റെ കൂടെ ഇരിക്കണമെന്നും അദ്ദേഹത്തിന്റെ മുഖ്യമന്ത്രിക്ക് കാര്യങ്ങൾ മനസിലായിട്ടുണ്ടെന്നും സുരേഷ് ഗോപി പറഞ്ഞു. എയിംസ് വിഷയം വിശദീകരിച്ചു മടുത്തുവെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനായി കോട്ടയത്തെ വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയുടെ സ്ഥലവും പരിഗണിക്കുമെന്ന് മന്ത്രി കെ. മുരളീധരൻ നേരത്തെ പറഞ്ഞിരുന്നു.

കേരളം സമർപ്പിച്ച ഒമ്പത് സ്ഥലങ്ങളുടെ പട്ടികയിൽനിന്ന് തൃശൂരിനെ ഒഴിവാക്കിയത് രാഷ്ട്രീയ പ്രേരിതമാണെന്ന് സുരേഷ് ഗോപി പ്രതികരിച്ചു. താൻ അറിയാതെ കേരളത്തിൽ എയിംസ് അനുവദിക്കില്ല. തൃശൂരാണ് ഏറ്റവും മികച്ച സ്ഥലമെന്നും സുരേഷ് ഗോപി പറഞ്ഞു. കേരളത്തിലെത്തിയ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, എയിംസിനായി കേരളത്തെ പരിഗണിക്കുമെന്ന് പറഞ്ഞിരുന്നു. കേരളത്തിന് എയിംസ് എന്ന സ്വപ്നം വൈകാതെ സാക്ഷാത്കരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്.

അതേസമയം, രാജ്യം ഒളിമ്പിക്സിന് തയാറെടുക്കുമ്പോഴാണ് തൃശൂരിൽ കായിക മേളക്കിടെ ഇത്ര വലിയ അനാസ്ഥ ഉണ്ടായതെന്ന് സുരേഷ് ഗോപി വിമർശിച്ചു. വേദന കൊണ്ടാണ് താൻ പ്രതികരിച്ചത്. കുഞ്ഞുങ്ങളുടെ കാര്യമാണ്. മഴ പ്രതീക്ഷിച്ചും കാറ്റ് പ്രതീക്ഷിച്ചുമാണ് പന്തൽ കെട്ടിയത്. അല്ലെന്ന് പറയരുത്. ഇതിലൊക്കെ അന്വേഷണം വേണം. പൊലീസ് സ്വതന്ത്രമായി അന്വേഷിക്കണമെന്നും സുരേഷ് ഗോപി ആവശ്യപ്പെട്ടു.

## വീണ്ടും മാസ്കും ക്വാറന്റൈനും, റഷ്യയിൽ പ്ലേഗ് ഭീതി പടരുന്നു; ആശങ്കകൾ വേണ്ടെന്ന് അധികൃതർ

മോസ്കോ: സൈബീരിയയിലെ പ്ലേഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകയായ ദാരിയ ഷിപിലോവ (28) ന്യൂമോണിയ ബാധിച്ച് മരിച്ചതിന് പിന്നാലെ ജാഗ്രതാ നിർദേശവുമായി അധികൃതർ. സംഭവത്തിൽ 200ഓളം പേരെ വൈദ്യനിരീക്ഷണത്തിലാക്കിയിട്ടുണ്ട്. സ്ഥിതിഗതികൾ അമേരിക്കയും ബ്രിട്ടനും സൂക്ഷ്മമായി നിരീക്ഷിച്ച് വരികയാണ്.

28കാരിയായ ദാര്യ ഷിപിലോവയെന്ന ഗവേഷകയാണ് ന്യൂമോണിയ ബാധിച്ച് മരിച്ചത്. സെപ്റ്റംബർ 29നാണ് ആരോഗ്യനില വഷളായതിനെ തുടർന്ന് യുവതിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇവർ രണ്ടുദിവസത്തിനുശേഷം മരിക്കുകയായിരുന്നു. ബാക്ടീരിയ അടങ്ങിയ ടെസ്റ്റ് ട്യൂബ് അബദ്ധത്തിൽ പൊട്ടിപ്പോയതായി ഇവർ മെഡിക്കൽ ജീവനക്കാരോട് പറഞ്ഞിരുന്നു. ടെസ്റ്റ് ട്യൂബിൽനിന്ന് ന്യൂമോണിക് പ്ലേഗിന് കാരണമാകുന്ന രോഗാണുക്കൾ യുവതിയുടെ ശരീരത്തിൽ പ്രവേശിച്ചതാകാമെന്നാണ് റിപ്പോർട്ടുകൾ പ്രചരിക്കുന്നത്.

ഇതോടെ പ്രദേശത്ത് ആശങ്കയും അഭ്യൂഹങ്ങളും വ്യാപകമായി. രോഗവ്യാപനത്തിന്റെ സാദ്ധ്യതകൾ കണക്കിലെടുത്ത് മുൻകരുതൽ നടപടികൾ ശക്തമാക്കിയിരിക്കുകയാണ് അധികൃതർ. യുവതി ജോലി ചെയ്തിരുന്ന ഷെലോവിലെ ഇർകുട്സ്ക് പ്ലാന്റിലെ 2,154 ജീവനക്കാരും നിർബന്ധമായി മാസ്ക് ധരിച്ചിരിക്കണമെന്ന് നിർദേശം നൽകി. പ്ലാന്റ് ഡയറക്ടർ ആർട്ടിയോം ഫോംമിനിഖാണ് ടെലഗ്രാമിലൂടെ നിർദേശം കൈമാറിയത്. 'സുരക്ഷിതമായിരിക്കുന്നതാണ് ഏറ്റവും നല്ലത്' എന്ന നിലപാടാണ് തീരുമാനത്തിന് പിന്നിലെന്നും അദ്ദേഹം അറിയിച്ചു.

എന്നാൽ, സീസണൽ ശ്വാസകോശ രോഗങ്ങൾ തടയുന്നതിനുള്ള പതിവ് മുൻകരുതൽ നടപടിയുടെ ഭാഗമായാണ് മാസ്ക് ധരിക്കാൻ നിർദേശിച്ചതെന്ന് അദ്ദേഹം പിന്നീട് വ്യക്തമാക്കി. പ്ലാന്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരോടും മാസ്ക് ധരിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഷെലഖോവ് ജില്ലയിലുടനീളമുള്ള സ്കൂളുകളിൽ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ജീവനക്കാർ തുടങ്ങിയവർക്ക് മാസ്കും ഗ്ലൗസും വിതരണം ചെയ്തതായും റിപ്പോർട്ടുകളുണ്ട്. പൊതുജനങ്ങൾ ഒന്നിച്ചു ചേരുന്നത് ഒഴിവാക്കാനായി നഗരത്തിലുടനീളം ഒക്ടോബർ ആദ്യം നടത്താനിരുന്ന ശുചീകരണ പരിപാടികൾ മാറ്റിവച്ചതായും റിപ്പോർട്ടുകൾ പറയുന്നു.

ഷെലെക്കോവിലേക്കും സമീപപ്രദേശങ്ങളിലേക്കുമുള്ള അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്നും അധികൃതർ നിർദേശം നൽകിയിട്ടുണ്ട്. ന്യൂമോണിക് പ്ലേഗ് ബാധ സ്ഥിരീകരിച്ചിട്ടില്ലെങ്കിലും രോഗവ്യാപനത്തിന്റെ സാദ്ധ്യത കണക്കിലെടുത്ത് ആരോഗ്യ അധികൃതർ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്. ദാര്യയുടെ മരണകാരണം കൃത്യമായി കണ്ടെത്തുന്നതിനുള്ള പരിശോധനകൾ പുരോഗമിക്കുകയാണ്.

### കോടതി പരസ്യം

### ബഹു. തൃശ്ശൂർ ജില്ല കോടതി മുമ്പാകെ

OP (TP) 34/2026

തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, മുളയം വില്ലേജ്, ഇലവക്കാട്ട് എബ്രഹാം മകൻ 48 വയസ്സ്, രഞ്ജിത്ത്

-ഹർജിക്കാരൻ

1. തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക് ഒല്ലൂക്കര വില്ലേജ്, മണ്ണുത്തി ദേശം, മണ്ണുത്തി പി ഒ, ജോബി ഭാര്യ 53 വയസ്സ് ബീന
2. തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, ഒല്ലൂക്കര വില്ലേജ്, കണ്ടലത്ത് മുക്ക്, കൂട്ടാല പി. ഒ, കൈതമംഗലത്ത് തോമസ് മകളും ഷോബിൻ ഭാര്യ 33 വയസ്സ്, ഹെന്ന തോമസ്
3. തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, ഒല്ലൂക്കര വില്ലേജ്', കണ്ടലത്ത് മുക്ക്, കൂട്ടാല പി. ഒ. കൈതമംഗലത്ത് തോമസ് മകൻ 30 വയസ്സ് ഷിബിൻ തോമസ്
4. തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, ഒല്ലൂക്കര വില്ലേജ്. കണ്ടലത്ത് മുക്ക്, കൂട്ടാല പി. ഒ, കൈതമംഗലത്ത് തോമസ് മകൻ 28 വയസ്സ് ജിൻസൺ തോമസ്

-6, 9, 10, 11 എതൃകക്ഷികൾ

മേൽ നമ്പറിൽ 6, 9, 10, 11 എതൃകക്ഷികൾക്കുള്ള നോട്ടീസ് സ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും കല്പിച്ച് മേൽ നമ്പർ കേസ് **29-10-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 06-10-2026
ഹർജിഭാഗം അഡ്വക്കേറ്റ്
**ഉദയ കെ ശങ്കർ** (ഒപ്പ്)

### കോടതി പരസ്യം

### ബഹു. തൃശൂർ പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

O.S. 1982/2017
Restoration IA: 1/2024

ഷെയർവെൽത്ത് ചിറ്റ്സ് ലിമിറ്റഡ്

-ഹരജിക്കാരൻ
(അന്യായം)

കൊടുങ്ങല്ലൂർ താലൂക്ക് അഴീക്കോട് വില്ലേജ് ടി ദേശത്ത് പടിഞ്ഞാറെ വീട്ടിൽ അബ്ദുൾ ഖാദർ മകൻ പി എ നസീർ

-1-ാം എതൃകക്ഷി
(1-ാം പ്രതി)

മേൽനമ്പർ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ച് നടത്തുവാൻ അനുവദിച്ച് കേസ്സ് **13-10-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു.മേൽ കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11.00 മണിക്ക് നിയമാനുസരണം ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ കേസിൽ തീർപ്പ് കല്പിക്കുന്നതുമാണെന്നുള്ള വിവ രം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30-09-2026
ഹരജിഭാഗം അഡ്വക്കേറ്റ്
ജോഫി ഫ്രാൻസിസ് വി. (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



# സൗദി വ്യോമാതിർത്തിയിലെ യാത്രാവിമാനങ്ങൾ ആക്രമിക്കുമെന്ന് ഹൂതി വിമതർ, കടുത്ത ആശങ്കയിൽ പ്രവാസികൾ

ദുബായ്: സൗദി അറേബ്യയുടെ വ്യോമാതിർത്തിയിലൂടെ പോകുന്ന യാത്രാവിമാനങ്ങൾ ആക്രമിക്കുമെന്ന് ഹൂതി വിമതർ മുന്നറിയിപ്പ് നൽകിയതോടെ പ്രവാസികൾ ഉൾപ്പെടെ കടുത്ത ആശങ്കയിൽ. യെമനിൽ ഹൂതി വിമതർ കൈയടക്കിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കാൻ സൗദിയുടെ നേതൃത്വത്തിൽ സൈനിക നടപടി തുടങ്ങിയതോടെയാണ് മുന്നറിയിപ്പുമായി വിമതർ എത്തിയത്. എന്നാൽ സൗദി ഇതിനോട് ഇതുവരെ പ്രതികരിച്ചിട്ടില്ല.

ഡോൺ ഒഫ് യെമൻ എന്നുപേരിട്ടിരിക്കുന്ന സൈനിക നടപടിയാണ് സൗദിയുടെ സഹായത്തോടെ യെമൻ നടത്തുന്നത്. യെമൻ തുറമുഖ നഗരമായ മോക്ക കടുത്ത പോരാട്ടത്തിനൊടുവിൽ തിരിച്ചുപിടിച്ചു. ഒരുമാസം മുമ്പാണ് മോക്ക വിമതൽ പിടിച്ചെടുത്തത്. തന്ത്രപ്രധായ തുറമുഖ നഗരമായ മോക്ക തങ്ങളുടെ കൈപ്പിടിയിലായതോടെ ചെങ്കടലിലെ ബാബുൽ മൻദിബ് കടലിടുക്കിന്റെ നിന്ത്രണവും അവർക്കായിരുന്നു.

യെമൻ തലസ്ഥാനമായ സന പിടിച്ചെടുക്കുന്നതിനുള്ള സൈനിക നടപടികളാണ് ഇപ്പോൾ നടക്കുന്നത്. അതിരൂക്ഷമായ ഏറ്റുമുട്ടലാണ് ഇതിന്റെ ഭാഗമായി നടക്കുന്നതെന്നാണ് റിപ്പോർട്ട്. സൗദിയുടെ 100 യുദ്ധവിമാനങ്ങളാണ് യെമന്റെ ഔദ്യോഗിക സേനയ്ക്ക് പിന്തുണ നൽകുന്നത്. സൈന്യം സനയിലേക്ക് മുന്നേറുകയാണെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. 2014 മുതൽ സന ഹൂതികളുടെ കൈവശമാണ്.

ഹൂതികളുടെ ആയുധകേന്ദ്രങ്ങൾ, ആയുധങ്ങൾ എത്തിക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവയാണ് പ്രധാന ആക്രമണ ലക്ഷ്യങ്ങൾ. ഇതിലൂടെ വിമതരെ പൂർണമായി തളർത്താനാണ് ലക്ഷ്യമിടുന്നത്. ഹൂതികളുടെ 1,122 കേന്ദ്രങ്ങൾക്കുനേരെ ആക്രമണം നടത്തിയെന്നാണ് യെമൻ സൈനിക വൃത്തങ്ങൾ അറിയിക്കുന്നത്. ആക്രമണം കടുത്തനാശമാണ് വിമതർക്ക് ഉണ്ടാക്കിയിരിക്കുന്നത്.

## മലയാള കാവ്യസാഹിതി തൃശ്ശൂർ ജില്ല വാർഷികം സഹൃദയർക്കും സാഹിത്യപ്രവർത്തകർക്കും അക്കാദമിയിൽ വേദിയൊരുക്കും : എം പി സുരേന്ദ്രൻ



മലയാള കാവ്യ സാഹിതി തൃശ്ശൂർ ജില്ല വാർഷികം ഡോ. പി വി കൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു .

ജില്ലാ പ്രസിഡണ്ട് ഡോക്ടർ ജയപ്രകാശ് ശർമ്മ അധ്യക്ഷത വഹിച്ചു .കേരള സാഹിത്യ അക്കാദമിസെക്രട്ടറി എം.പി സുരേന്ദ്രനെയും ഡോ. പി. സരസ്വതിയെയും ആദരിച്ചു .

സഹൃദയർക്കും സാഹിത്യ പ്രവർത്തകർക്കും സാഹിത്യ അക്കാദമിയിൽ വിശാലമായ വേദിയൊരുക്കുമെന്ന് സെക്രട്ടറി എം പി സുരേന്ദ്രൻ പ്രഖ്യാപിച്ചു .സംസ്ഥാന പ്രസിഡണ്ട് കാവാലം അനിൽ മുഖ്യപ്രഭാഷണം നടത്തി .ജനറൽ സെക്രട്ടറി സുഷമ ശിവരാമൻ, ബിന്ദു ദിലീപ് രാജ്, യമുനാ ദിലീപ്, സുദർശന കുമാർ, പ്രൊഫ വി .എ. വർഗ്ഗീസ്, സി.ജി. അശോകൻ, ജില്ലാ സെക്രട്ടറി സന്ധ്യ അറയ്ക്കൽ, പി. ബി. രമാദേവി , അജിത രാജൻ, സുനിത സുകുമാരൻ, പ്രമോദ് ചേർപ്പ്, ചന്ദ്രമോഹൻ കുമ്പളങ്ങാട്, തുടങ്ങിയവർ പ്രസംഗിച്ചു.

## കെട്ടിട നിർമ്മാണ സെസ് യു.ഡി. എഫ് സർക്കാരിന്റെ പുതിയ നയം പിൻവലിക്കണം: കേരള ആർട്ടിസാൻസ് യൂണിയൻ

തൃശൂർ: കെട്ടിട നിർമ്മാണ സെസ് പിരിക്കുന്നത് 5ലക്ഷത്തിന് മുകളിൽ എന്നതിന് പകരം 50ലക്ഷത്തിന് മുകളിൽ നിർമ്മാണ ചെലവ് വരുന്ന വീടുകൾക്ക് എന്നാക്കി മാറ്റിയ പുതിയ സർക്കാർ തിരുമാനം പിൻവലിക്കണമെന്ന് കേരള ആർട്ടിസാൻസ് യൂണിയൻ വിയ്യൂർ മേഖല സമ്മേളനം ആവശ്യപെട്ടു. യൂണിയൻ സംസ്ഥാന സെക്രട്ടറി ടി. സുധാകരൻ ഉദ്ഘാടനം ചെയ്തു. കെ.ടി സതിഷ് കെ. നന്ദകുമാർ എന്നിവർ പ്രസംഗിച്ചു. അദ്ധ്യക്ഷത വഹിച്ചു. ഷൈലജെയിംസ്, യു. ജി. സുരേന്ദ്രൻ കെ.ടി. ബി തോഷ്, ടി. എസ്. സുമേഷ്, കെ. നന്ദകുമാർ സ്റ്റെല്ല ബി.പി എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ : കെ. ടി. സനിഷ് പ്രസിഡന്റ്, സി. ആർ. ചന്ദ്രശേഖരൻ സെക്രട്ടറി, സ്റ്റെല്ല ബി.പി. ട്രഷറർ

## ചാക്യാർക്കൂത്ത്

തൃശൂർ വടക്കുന്നാഥ ക്ഷേത്രത്തിൽ ചാക്യാർക്കൂത്ത് (കഥ ദക്ഷയാഗം പ്രബന്ധം). അവതരണം-അമ്മന്നൂർ കുട്ടൻ ചാക്യാരും സംഘവും 5.00.

## ഇൻഷൂർ ചെയ്ത ഫ്ളാറ്റിലെ, ടൈലുകൾ ചൂടു കൊണ്ട് പൊട്ടി, ഇൻഷുറൻസ് കമ്പനി നഷ്ടവും ചിലവും പലിശയും നൽകണം

തൃശൂർ: ഇൻഷൂർ ചെയ്ത ഫ്ളാറ്റിലെ ടൈലുകൾ ചൂടു കൊണ്ട് പൊള്ളച്ച് പൊട്ടിയതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതികാരിക്ക് അനുകൂല വിധി.

തൃശൂർ പുതൂർക്കരയിലുള്ള കലാലയം അപ്പാർട്ട്മെൻറ്സിലെ ഫ്ളാറ്റുടമസ്ഥ രമ വിത്സൻ ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ റൗണ്ട് നോർത്തിലുള്ള യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് മാനേജർക്കെതിരെ ഇപ്രകാരം വിധിയായത്.

രമ വിൽസന്റെ ഫ്ളാറ്റിലെ ടൈലുകൾ ചൂടേറ്റ് പൊട്ടുകയായിരുന്നു. എന്നാൽ ഇൻഷുറൻസ് ക്ളെയിം അനുവദിക്കുകയുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. ടൈലുകൾ ചൂട് പിടിച്ചത് കൊണ്ടാണ് പൊട്ടിയതെന്നും ഇപ്രകാരം സംഭവിച്ചതിൽ ഇൻഷുറൻസ് പ്രകാരം സംഖ്യ നൽകുവാൻ ബാധ്യതയില്ലെന്നും കമ്പനി വാദിച്ചു. എന്നാൽ ഈ വാദം വസ്തുനിഷ്ഠമായി തെളിയിക്കുവാനായില്ല. കോടതി ഈ വാദം നിരാകരിക്കുകയായിരുന്നു.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർകിക്കാരിക്ക് നഷ്ടപരിഹാരമായി 10000 രൂപയും ചിലവിലേക്ക് 10000 രൂപയും ഈ തുകകൾക്ക് ഹർജി തിയ്യതി മുതൽ 9 % പലിശ നൽകുവാനും കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരിക്ക് വേണ്ടി അഡ്വ. ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

## തൃശ്ശൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേള ഒക്ടോ. 7 മുതൽ കുന്നംകുളത്ത് നടക്കും

തൃശ്ശൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേള ഒക്ടോബർ ഏഴ്, എട്ട്, ഒമ്പത്, പത്ത് തീയതികളിലായി കുന്നംകുളം ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ സീനിയർ ഗ്രൗണ്ടിൽ നടത്തുമെന്ന് എ. സി. മൊയ്തീൻ എം. എൽ. എ. വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സബ് ജൂനിയർ, ജൂനിയർ, സീനിയർ ആൺ-പെൺ വിഭാഗങ്ങളിലായി 98 ഇനങ്ങളിലാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇതിനുപുറമേ സീനിയർ വിഭാഗത്തിൽ രണ്ട് ക്രോസ് കൺട്രി മത്സരങ്ങളും ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ഇൻക്ലൂസീവ് സ്പോർട്ട്സ് മത്സരങ്ങളും സംഘടിപ്പിക്കും. നാല് ദിവസങ്ങളിലായി നടക്കുന്ന കായികോത്സവത്തിൽ 3,668 കായികതാരങ്ങൾ പങ്കെടുക്കും. പ്രതിദിനം ആയിരത്തോളം താരങ്ങൾ മാറ്റുരയ്ക്കുന്ന മേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും ഭക്ഷണസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഒക്ടോബർ ഏഴിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് കായികമേള ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസ ഉപഡയറക്ടർ ഷൈല ടി. പതാക ഉയർത്തും. കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സൗമ്യ അനിലൻ അധ്യക്ഷത വഹിക്കും. സമാപന സമ്മേളനം എ. സി. മൊയ്തീൻ എം. എൽ. എ. ഉദ്ഘാടനം ചെയ്യും. നഗരസഭ വൈസ് ചെയർമാൻ പി. ജി. ജയപ്രകാശ് അധ്യക്ഷത വഹിക്കും.

വാർത്താസമ്മേളനത്തിൽ കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സൗമ്യ അനിലൻ, തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഷൈല ടി., ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്റ്റിവി, പബ്ലിസിറ്റി ചെയർമാൻ ശ്രീജിത്ത് ആവേൻ, കൺവീനർ പി. എം. സിജോ, ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർ ഷാജി തുടങ്ങിയവർ പങ്കെടുത്തു.

## കെ.വി. ചന്ദ്രൻ വാര്യർ അനുസ്മരണം നടത്തി



ഇരിങ്ങാലക്കുട : കലാ സാംസ്കാരിക- സാമൂഹ്യ പൊതുരംഗത്തെ നിറസാന്നിധ്യമായിരുന്ന കെ.വി. ചന്ദ്രൻ വാരിയരുടെ നാലാം ചരമ വാർഷികം പുഷ്പാർച്ചന, അനുസ്മരണം എന്നിവയോടെ നടന്നു. ചന്ദ്രൻ വാരിയരുടെ സഹധർമിണി ഗീതവാരസ്യാർ ഭദ്രദീപം കൊളുത്തി. കുമാരി ആശ സുരേഷിന്റെ സോപാന സംഗീതത്തോടെ ആരംഭിച്ച അനുസ്മരണ സമ്മേളനം അഡ്വ. തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. സമിതി ചെയർപേഴ്സൺ സോണിയ ഗിരി അധ്യക്ഷത വഹിച്ചു. മുൻസിപ്പൽ ചെയർമാൻ എം.പി. ജാക്സൺ മുഖ്യാതിഥിയായിരുന്നു. ആറാട്ടുപുഴ പൂരം കമ്മറ്റി കോ-ഓർഡിനേറ്റർ എം. രാജേന്ദ്രൻ അനുസ്മരണ പ്രഭാഷണം നടത്തി. വാർഡ് കൗൺസിലർ സ്മിത കൃഷ്ണകുമാർ, ഇ ബാല ഗംഗാധരൻ, വി.വി. സതീശൻ, കലാനിലയം രാഘവൻ, സദനം കൃഷ്ണൻകുട്ടി, കെ.വി. രാധാദേവി, ടി. എസ്. ബൈജു എന്നിവർ സംസാരിച്ചു. എ.എസ്. സതീശൻ സ്വാഗതവും എ.സി. സുരേഷ് നന്ദിയും പറഞ്ഞു.

## ഒക്ടോബർ 5 ലോക അധ്യാപക ദിനം




മറ്റം: 79 തവണ രക്തം ദാനം ചെയ്തും,വിദ്യാർഥികളിൽ ലഹരിവിരുദ്ധ ബോധവൽക്കരണത്തിനായ് പുസ്തക ചങ്ങാത്ത പദ്ധതി നടപ്പിലാക്കുകയും ചെയ്ത മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനായ മേജർ പി ജെ സ്റ്റൈജുവിനെ തിരുവെങ്കിടം ബ്രദേഴ്സ് ക്ലബ്ബ് ആദരിച്ചു.

എൻഎസ്എസ് കരയോഗ ഹാളിൽ നടന്ന ആദരണ ചടങ്ങിൽ സാഹിത്യകാരനും അധ്യാപകനുമായ രാധാകൃഷ്ണൻ കാക്കശ്ശേരി പൊന്നാട അണിയിച്ച് മാസ്റ്ററെ ആദരിച്ചു.ഗുരുവായൂർ നഗരസഭ ചെയർപേഴ്സൺ സുനിതാ അരവിന്ദൻ വൈസ് ചെയർമാൻ കെ കെ ജ്യോതിരാജ് കൗൺസിലർ രതി ജനാർദ്ദനൻ ,പി ഐ ലാസർ മാസ്റ്റർ സഹദേവൻ, ബാലൻ വാറനാട്ട് , രവികുമാർ എന്നിവർ സന്നിഹിതരായിരുന്നു.മേജർ പി ജെ സ്റ്റൈജു മറുപടി പ്രസംഗം നടത്തി.

## ഉപഭോക്തൃ സംഘടനകൾ രാജ്യത്തിന്റെ കാവൽക്കാരാണ്: എം.എൽ.എ.രാജൻ ജെ. പല്ലൻ




തൃശൂർ:ഉപഭോക്തൃ സംഘടനകൾ ജനങ്ങളുടെ അഭിഭാഷകരും,അദ്ധ്യാപകരും, കാവൽക്കാരുമാണെന്ന് എം.എൽ.എ രാജൻ ജെ.പല്ലൻ അഭിപ്രായപ്പെട്ടു.

വ്യാജ ഉൽപന്നങ്ങൾ, അളവിൽ കുറവ്, അമിത വില ഈടാക്കൽ, സേവന ത്തിലെ അപാകതകൾ എന്നിവയ്ക്കെതിരെ കേ സ്സുകൾ ഫയൽചെയ്യാനും, നഷ്ട പരിഹാരങ്ങൾ വാങ്ങിക്കൊടുക്കാനും ഈ സംഘടനകൾനടത്തു ന്ന സേവനങ്ങൾ പ്രശംസി ക്കപ്പെടേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

കൺസ്യൂമേഴ്സ് ഫോറം ഓഫ് കേരള (സി.എഫ് .കെ.) തൃശൂർജില്ലാ സമ്മേളനവും, മെംബർഷിപ്പ് ക്യാ മ്പെയ്നും ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൃശൂർ ഐ.എൻ ടി.യു. സി. ഹാളിൽ ചേർന്ന ചടങ്ങിൽ ജില്ലാ പ്രസിഡണ്ട് എം.സി. തൈക്കാട് അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി മേയർ എ. പ്ര സാദ്, പുതിയ ഭാരവാഹി കളായ കേരള ഹൈക്കോടതി സീനിയർ ഗവ. പ്ലീഡർഅഡ്വ.ടി.എസ്. മായാദാസ്, സംസ്ഥാന ജനറൽ സെക്രട്ടറി ഗോപാലകൃഷ് ണൻ നന്ത്യേലത്ത്, സംസ്ഥാന വൈസ് പ്രസിഡണ്ട് എ.ഇ.സാബിറ, ജില്ലാപ്രസിഡണ്ട് എം.സി. തൈ ക്കാട് എന്നിവരെ പൊന്നാടയണിയിച്ച് അനുമോദിച്ചു.

വാങ്ങുന്ന ഉത്പന്നങ്ങളു ടെ ബില്ലുകൾ വാങ്ങി സൂ ക്ഷിക്കണമെന്നും, വ്യാജ നിർമ്മിതികൾക്കെതിരെ പോരാടാനുള്ള തുരുപ്പു ശീട്ടാണതെന്നും ഉപഭോ ക്തൃനിയമത്തെക്കുറിച്ചു ള്ള സെമിനാറിൽ വിഷയാവതരണം നടത്തിയ അഡ്വ. ടി.എസ്. മായാദാസ് അഭിപ്രായപ്പെട്ടു.

ഗോപാലകൃഷ് ണൻ നന്ത്യേലത്ത്,എ.ഇ.സാബിറ, എഴുത്തുകാരി ജ്യോതിരാ ജ് തെക്കൂട്ട്, ജനാർദ്ദനൻ കെ.വി, രാജേന്ദ്രൻ വടക്കത്ത്, ജനാർദ്ദനൻ കെ. എൻ.തുടങ്ങിയവർ പ്രസംഗിച്ചു.

## കാട്ടൂപ്പാടത്ത് ഉടൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക കർഷകരെ രക്ഷിക്കുക-ബി ജെ പി പ്രതിഷേധ സമരം




കാട്ടൂർ: കാട്ടൂപ്പാടത്ത് ഉടൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, കർഷകരെ രക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ബിജെപി കാട്ടൂർ പഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ വാടച്ചിറ ജംഗ്ഷനിൽ പ്രതിഷേധ സമരം സംഘടിപ്പിച്ചു.ജില്ലാ ജനറൽ സെക്രട്ടറി കൃപേഷ് ചെമ്മണ്ട ഉത്ഘാടനം ചെയ്തു.

പ്രസിഡണ്ട് ജയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു. കാട്ടൂർ, കാറളം, പടിയൂർ പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന 400 ഏക്കർ വരുന്ന പ്രദേശത്ത് വിവിധയിടങ്ങളിൽ കൃഷിപ്പണി തുടങ്ങിയിട്ടും ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടില്ല.മഴ വന്നാൽ പണിയുന്ന ഞാറും മറ്റും വെള്ളത്തിനടിയിലാവും. ഈ ആവശ്യവുമായി കർഷകർ മുൻ എം എൽ എ, മുഖ്യമന്ത്രി, ഇപ്പോഴത്തെ എം എൽ എ, മുഖ്യമന്ത്രി, ജില്ലാ പഞ്ചായത്ത് മെംബർ തുടങ്ങിയവരെ നിരവധി തവണ സമീപിച്ചിട്ടും പരിഹാമായില്ല.താലൂക്ക് വികസന സമിതിയിൽ കർഷകർക്ക് വേണ്ടി ഇക്കാര്യം നിരവധി യോഗങ്ങളിലായി എം പി പ്രതിനിധി ഉയർത്തുന്നുണ്ട്. ഉടൻ പരിഹരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭ പരിപാടികൾക്ക് ബിജെപി നേതൃത്വം നൽകുമെന്ന് ഉത്ഘാടനം ചെയ്തു കൊണ്ട് കൃപേഷ് ചെമ്മണ്ട പറഞ്ഞു. മണ്ഡലം ജനറൽ സെക്രട്ടറി ഷൈജു കുറ്റിക്കാട്ട്, മണ്ഡലം വൈസ് പ്രസിഡണ്ടും ബ്ലോക്ക് മെംബറുമായ അജയൻ തറയിൽ, മണ്ഡലം വൈസ് പ്രസിഡണ്ട് സുചി നീരോലി,കർഷക സംഘം പ്രസിഡണ്ട് കുട്ടൻ, കർഷകമോർച്ച മണ്ഡലം പ്രസിഡണ്ട് രാജൻ കുഴുപ്പുള്ളി,

കാറളം പഞ്ചായത്ത് പ്രസിഡണ്ട് സുഭാഷ് പുല്ലത്ത,ജില്ലാ കമ്മറ്റിയംഗം വിൻസെന്റ് ചിറ്റിലപ്പിള്ളി, യുവമോർച്ച ജില്ലാ സെക്രട്ടറി ആശിഷ ടി ടി രാജ്, പഞ്ചായത്ത് ജനറൽ സെക്രട്ടറി ജയൻ പണിക്കശ്ശേരി, ജയൻ കുറ്റിക്കാട്ട്, ഷൈൻ എന്നിവർ സംസാരിച്ചു.




ആനുവൽ അവാർഡ് ഫങ്ക്ഷനിൽ വെച്ച് 2025-26 വർഷത്തെ സുപ്രീം കോ-ഓർഡിനേറ്റർ ലയൺ പീതാംബരൻ രാമമ്പത്തിനെ ഇന്റർനാഷണൽ സർട്ടിഫിക്കറ്റ് നൽകി PAST INTERNATIONAL DIRECTOR ലയൺ വി പി നന്ദകുമാറും ലയൺസ് പിന്നും മൊമെന്റോയും നൽകി തൃശൂർ പേൾ റീജൻസിയിൽ വെച്ച് നടന്ന ലയൺസ് ഡിസ്ട്രിക്ട് ആനുവൽ അവാർഡ് ചടങ്ങിൽ മുൻ ഡിസ്ട്രിക്ക് ഗവണർ ലയൺ PMJF ജയകൃഷ്ണൻ ടി യും ആദരിക്കുന്നു . വാടാനപ്പള്ളി ലയൺസ് ക്ലബ്അംഗം ആണ് പീതാംബരൻ.

## സെന്റ് വിൻസെന്റ് ഡി പോൾ തിരുനാളും തൃശൂർ സി സി 78 -ാം വാർഷികവും ആഘോഷിച്ചു



മരത്താക്കര : സെന്റ വിൻസെന്റ് സി പോൾ സൊസൈറ്റി തൃശൂർ കേന്ദ്ര കൗൺസിലിന്റെ വി വിൻസെന്റ്, വാ . ഒസ്സാനം എന്നിവരുടെ തിരുനാളും 78 -ാം വാർഷികവും വിവിധ പരിപാടികളോടെ മരത്താക്കപ്പള്ളിയിൽ വെച്ച് ആലോഷിച്ചു വാർഷിക പൊതു സമ്മേളനം മാർടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു . ' കത്തോലിക്ക സഭക്ക് വിശ്വാസം മാത്രം പോര പരസ്നേഹ പ്രവർത്തനങ്ങൾ കൂടി വേണമെന്ന ശാസ്ത്രജ്ഞനായ ആമ്പിയറിന്റെ മാതൃകയും പ്രവർത്തനവുമാണ് ഈ ജീവകാരുണ്യ സംഘടനക്ക് രൂപം നൽകാൻ യുവാവായ ഒസ്സാനാമിനെ പ്രേരിപ്പിച്ചതെന്ന് അഭിപ്രായപ്പെട്ടു സൊസൈറ്റിയുടെ ദേശീയ പ്രസിഡന്റ് ജൂഡ് മംഗൾ രാജ് അധ്യക്ഷത വഹിച്ചു. 'ഇന്ത്യയിലെ സൊസൈറ്റി പ്രവർത്തനങ്ങൾക്ക് മാതൃകയും പ്രചോദനവും മായിട്ടുള്ള തൃശൂർ കേന്ദ്ര കൗൺസിലിനെ അഭിനന്ദിച്ചു. 'തുടർന്ന് അംഗത്വ ജൂബിലികൾ ആലോഷിക്കുന്ന 80 പേരെ ബിഷപ്പ് ആദരിച്ചു. ഫാ. ജി ക്സസ് താഴത്ത്, ഫാ.വർഗ്ഗീസ് കുത്തൂർ, ഫാ.ജോസഫ് മുരിങ്ങാത്തേരി, സി.സി. പ്രസിഡണ്ട് കെ.കെ.പോൾസൺ, ജോസ് ജെ മഞ്ഞളി , റീന ജെയിംസ്, സിസ്റ്റർ റെയ്മ ജീസ് .ട്രസ്റ്റി ബെന്നി ചിറയത്ത്, കെ. എ. ഷിബു എന്നിവർ പ്രസംഗിച്ചു ഒല്ലൂർ എ.സി. വാങ്ങി നല്കുന്ന ഡയാസിസ് മെഷിന്റെ ഫണ്ടുശേഖരണം ജോസ് ആലുക്കാസ് എം.ഡി, വർഗ്ഗീസ് ആലുക്കയിൽ നിന്ന് ആദ്യ സംഭാവന സ്വീകരിച്ചുകൊണ്ട് ബിഷപ്പാ നിർവ്വഹിച്ചു. ജന്മദിനമാഘോഷിക്കുന്ന ഫാ ജികസൺ, ആഘോഷത്തിന് നേതൃത്വം നൽകിയ ജോയ് പോൾ, ഷാജു തൊമ്മാന എന്നി വരെ പൊന്നാട നൽകി ആദരിച്ചു നേരത്തെ നടന്ന സെമിനാറിൽ ഫാ. ക്ലീറ്റസ് കിഴക്കൂടൻ ക്ലാസ്സെടുത്തു. കെ.കെ. പോൾസൺ അധ്യക്ഷതവഹിച്ചു. അംഗങ്ങൾക്കുള്ള പ്രതിജ്ഞ ബിജു വർഗ്ഗീസ് ചൊല്ലികൊടുത്തു. ജോയ് പോൾ ഷാജു തൊമ്മാന . ടി. യു ജെയ്സൺ എന്നിവർ പ്രസംഗിച്ചു.

ഉച്ചക്ക് തിരുന്നാൾ കുർബാനയും തിരു ശേഷിപ്പു വണക്കവും സിസ്റ്റർ നോർബർട്ടമ്മയ്യൂസിയ സന്ദർശനവും ഉണ്ടായിരുന്നു. വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആയിരത്തോളം പ്രതിനിധികൾ സ്നേഹവിരുന്നു കഴിച്ചു പിരിഞ്ഞു. പരിപാടികൾക്ക് റോളി സണ്ണി, സി.കെ. വിൻസൻ, സി.എസ് ക്രിസ്റ്റോ, ഒ.ഡി ജോസ്ഫ്, ബേബി മൂക്കൻ, ലീലസാബു, ജോസ് കൂത്തൂർ തുടങ്ങിയവർ നേതൃത്വം നല്കി.

## കോടതി പരസ്യം

### ബഹു. മതിലകം ഗ്രാമ ന്യായാലയ മുമ്പാകെ

OS 3/2025

ഗുരുശ്രീ നിധി ലിമിറ്റഡ് -വാദി

കൊടുങ്ങല്ലൂർ താലൂക്ക് അഴീക്കോട് വില്ലേജ് ലൈറ്റ് ഹൗസ് ദേശത്ത് പുന്നക്കൽ അലി മകൻ അയൂബ് -2-ാം പ്രതി

പ്രതികളിൽ നിന്നും വാദി സ്ഥാപനത്തിന് വാഗ്ദത്ത പത്ര പ്രകാരം ലഭിക്കേണ്ടും മുതൽ പലിശ സംഖ്യക്കും മറ്റുമാണ് മേൽ നമ്പർ അന്യായം ബോധിപ്പിച്ചിരിക്കുന്നത്. 2-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസ സ്ഥലത്തും പതിച്ചു നടത്തുവാൻ ഉത്തരവായി **02-11-2026** തിയ്യതി വെച്ചിരിക്കുന്നതും അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം കേസ് നിങ്ങളെ കൂടാതെ തീർപ്പു കൽപ്പിക്കുന്നതാണ്.

എന്ന്, 18-07-2026

വാദി ഭാഗം അഡ്വക്കേറ്റ്
**ഒ.എസ്.സുജിത്ത്** (ഒപ്പ്)

## ഇരിങ്ങാലക്കുട സബ്ജില്ലാ കായികമേളയിൽ മിന്നുന്ന നേട്ടവുമായി ഊക്കൻ മെമ്മോറിയൽ എൽ.പി. സ്കൂൾ



തുറവൻകാട്: ഇരിങ്ങാലക്കുട സബ്ജില്ലാതല കായിക മത്സരങ്ങളിൽ മിന്നുന്ന നേട്ടവുമായി ഊക്കൻ മെമ്മോറിയൽ എൽ.പി. സ്കൂൾ, തുറവൻകാട്. വിവിധ കായിക ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച സ്കൂളിലെ വിദ്യാർത്ഥികൾ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കി. LP Kiddies Boys വിഭാഗത്തിൽ Evan Sijo ഒന്നാം സ്ഥാനവും, LP Kiddies Girls വിഭാഗത്തിൽ Malavika രണ്ടാം സ്ഥാനവും നേടി. കൂടാതെ LP Kiddies Boys 4x 100 മീറ്റർ മത്സരത്തിൽ രണ്ടാം സ്ഥാനവും, സ്കൂൾ സ്വന്തമാക്കി. ചാലക്കുടി Carmel Higher Secondary Schoolൽ വെച്ചാണ് ഇരിങ്ങാലക്കുട സബ് ജില്ലാ കായിക മത്സരങ്ങൾ നടന്നത്. മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികളെ സ്കൂൾ അധികൃതരും അധ്യാപകരും രക്ഷിതാക്കളും അഭിനന്ദിച്ചു.

മുരിയാട് ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡ് മെമ്പർ തോമസ് തൊകലത്ത് വിജയികളായ വിദ്യാർത്ഥികൾക്കും ഊക്കൻ മെമ്മോറിയൽ എൽ.പി. സ്കൂൾ, തുറവൻ കാട്-നും അഭിനന്ദനങ്ങളും ആശംസകളും നേർന്നു.

കുട്ടികളുടെ കായിക മികവിന് ലഭിച്ച ഈ നേട്ടം സ്കൂളിനും അധ്യാപകർക്കും രക്ഷിതാക്കൾക്കും അഭിമാനമായി.

## നിര്യാതനായി

### വർഗ്ഗീസ്



പുതുക്കാട്: കണ്ണമ്പുഴ ചെവിടൻ അന്തോണി മകൻ വർഗ്ഗീസ് (71) നിര്യാതനായി. സംസ്കാരം ഇന്ന് ഉച്ചതിരിഞ്ഞ് 3.30ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയ സെമിത്തേരിയിൽ നടത്തപ്പെട്ടു. ഭാര്യ-റോസ വർഗ്ഗീസ്, മക്കൾ-ആന്റണി വർഗ്ഗീസ്, ഫാ. ഡേവീസ് ചെവിടൻ സി എം ഐ,. മരുമകൾ-ഡോ. സോഫിയ ജോസഫ്.

## സ്വർണവില താഴ്ന്നു

തൃശ്ശൂർ: കേരളത്തിൽ ഇന്ന് സ്വർണവില നേരിയ തോതിൽ കുറഞ്ഞു. 22 കാരറ്റ് സ്വർണം ഗ്രാമിന് 15 രൂപ താഴ്ന്ന് 13660 രൂപയാണ് ഇന്നത്തെ വില. പവന് 120 രൂപ കുറഞ്ഞ് 109280 രൂപയായി വില.



# EC NIDHI LIMITED

A.M. Paraman Memorial Complex,
Bldg. No. New : TC 38/2774/24 Old No.FF-20/403/24.
1st Floor, Corporation Bldg.,Kalvery Road,
West Fort Junction,Thrissur - 680 004, Kerala
Mob : 7012 322 633, 9037 709 032. Email : ecnidhiltd@gmail.com
CIN: U65929KL2016PLC047059

## സ്വർണ്ണപണയ ലേല വിൽപ്പന നോട്ടീസ്

സ്ഥാപനത്തിന്റെ തൃശൂർ ശാഖയിൽ പണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ചു സ്വീകരിച്ച കക്ഷികളുടെ താഴെ പറയുന്ന അക്കൗണ്ട് നമ്പറിൽ ഉള്ള സ്വർണ ഉരുപിടികൾ **2026 ഒക്ടോബർ 19ന് ഉച്ചതിരിഞ്ഞ് 4 മണിക്ക്** സ്ഥാപനത്തിൽ വെച്ച് പരസ്യമായി ലേലവില്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപിടികളുടെ വിശദംശങ്ങളും ലേലവ്യവസ്ഥകളും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ആകുന്നു. ലേലവിൽപന സ്ഥാപനത്തിന്റെ അന്തിമ തീരുമാനത്തിന് വിധേയമാണ്. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടി വയ്ക്കാനും നിർത്തി വയ്ക്കാനും സ്ഥാപനത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

Wights mentioned in grams

| SL NO | NAME AND ADDRESS OF CUSTOMER | LOAN DATES LOAN NUMBER | WEIGHT OF ORNEMENTS |
|---|---|---|---|
| 1 | SREEDEVI C R, KUNNUPARAMBIL HOUSE KURICHIKARA P.O MATTAMPURAM, THRISSUR-680028 | 22-05-2026 AKGLGL-21 | 16gm |
| 2 | SREEDEVI C R, KUNNUPARAMBIL HOUSE KURICHIKARA P.O MATTAMPURAM, THRISSUR-680028 | 22-05-2026 AKGLGL-22 | 40.26gm |
| 3 | JOHN JACOB, CHEENAPILLY HOUSE,PLOT NO 182 GATE NO 3 HILL GARDEN KUTTANELLUR P.O THRISSUR-680014 | 19-06-2026 AKGLGL-40 | 61.59gm |
| 4 | OMER SHERIF T S, THAIPARAMBILHOUSE, P.OVADOOKARATHRISSUR- 680007 | 11-08-2026 AKGLGL-47 | 56gm |
| 5 | SHINY C M, THAIPARAMBIL HOUSE, P.O. VADOOKARA THRISSUR- 680007 | 11-08-2026 AKGLGL-48 | 57.87gm |
| 6 | KRISHNAKUMAR C, CHENGATH HOUSE, NEAR KARTHIYANI TEMPLE, AYYANTHOLE THRISSUR-680003 | 14-05-2026 AKGLGL-03 | 59.78gm |

തൃശൂർ
05-10-2026

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
E C NIDHI LIMITED